

FRIDAY 05/06/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: ANITHA.C.S** **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/06/2026

1. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംസ്ഥാനതല ഫലവൃക്ഷത്തൈ നടീൽ പദ്ധതിക്കും വിദ്യാലയതല 'കതിര്' (KATHIRU) കാർഷിക ക്ലബ്ബുകൾക്കും ഇന്ന് (ജൂൺ 5) തുടക്കമാകും. തിരുവനന്തപുരം സെക്രട്ടേറിയറ്റ് അങ്കണത്തിൽ രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി അഡ്വ.എൻ.ഷംസുദ്ദീൻ മുഖ്യാതിഥിയായി പങ്കെടുക്കും. വിവിധ വകുപ്പ് മന്ത്രിമാർ, ജനപ്രതിനിധികൾ, കർഷകർ, ഉന്നത ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ ചടങ്ങിൽ സംബന്ധിക്കും. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃഷി ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. ചടങ്ങിന്റെ ഭാഗമായി **കൃഷിയിൽ മികച്ച നേട്ടം**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കൈവരിച്ച അഞ്ച് കുട്ടിക്കർഷകരെ മുഖ്യമന്ത്രി ആദരിക്കും.** വിദ്യാലയങ്ങളിൽ ഹരിതവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഫലവൃക്ഷത്തൈകളും പച്ചക്കറി വിത്തുകളും അടങ്ങുന്ന പ്രത്യേക ഹരിത കിറ്റുകളും വിതരണം ചെയ്യും.

2. ഓണക്കാലത്ത് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികളുടെയും പൂക്കളുടെയും ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം 2026' പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റ് അങ്കണത്തിൽ സജ്ജമാക്കിയ മാതൃകാ പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് നിർവഹിക്കും. വിദ്യാർത്ഥികളിൽ കാർഷിക അവബോധം, പ്രകൃതിസ്നേഹം, പരിസ്ഥിതി ഉത്തരവാദിത്തബോധം എന്നിവ വളർത്തുന്നതിന് സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ആരംഭിക്കുന്ന 'കതിര്' കാർഷിക ക്ലബ്ബുകളിലൂടെ കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ അറിവുകൾ, പരിസ്ഥിതി സംരക്ഷണം, ഹോർട്ടികൾച്ചറൽ തെറാപ്പി, വിഷരഹിത ഭക്ഷ്യോൽപ്പാദനം തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക്

പ്രാവീണ്യം നൽകും. ലഹരി ഉപയോഗ പ്രവണതകൾക്കും ഡിജിറ്റൽ അടിമത്തത്തിനുമെതിരെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ജീവിതശൈലിയും പ്രകൃതിയോടും കൃഷിയോടുമുള്ള അടുപ്പവും വളർത്തിയെടുക്കാൻ 'കതിര്' ക്ലബ്ബുകൾ സഹായകമാകും. കൃഷി അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ മാനസിക, സാമൂഹിക ക്ഷേമം മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു. ലോക പരിസ്ഥിതി ദിനത്തിന്റെ സന്ദേശം വിദ്യാലയങ്ങളിലൂടെയും സമൂഹത്തിലൂടെയും ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായാണ് ഈ ബൃഹത് ഹരിത യജ്ഞം സംഘടിപ്പിക്കുന്നത്.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം KSAMM ഓഫീസിൽ നിന്നും വിവിധ ഇനം ഒട്ടുമാവ് തൈകൾ ജൂൺ നാല് മുതൽ വില്പനക്ക് ലഭ്യമാണ്. പോളി ബാഗ് മാവ് ഗ്രാഫ്റ്റ് ഒരെണ്ണത്തിന് വില 125 രൂപ. HDPE ചട്ടിയിൽ മാവ് ഗ്രാഫ്റ്റ് വില ഒന്നിന് 500 രൂപ. ഫോൺ നമ്പർ : 8281200673.

4. ചങ്ങനാശ്ശേരി തുരുത്തി മൃഗാശുപത്രിയിൽ 45 ദിവസത്തിനുമേൽ പ്രായമുള്ള ഗ്രാമശ്രീ കോഴി കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ ജൂൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഏഴിന് രാവിലെ 9 മണി മുതൽ വിതരണം ചെയ്യുന്നു . ബുക്കിങ്ങിനായി വിളിക്കേണ്ട നമ്പർ 9744927580.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തവനൂരിൽ പ്രവർത്തിക്കുന്ന കേളപ്പജി കോളേജ് ഓഫ് അഗ്രിച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളോജിലെ എം.ടെക് റിന്യൂവബിൾ എനർജി എഞ്ചിനീയറിംഗ് കോഴ്സിലേക്ക് (RF mode) 2026-27 അധ്യായന വർഷത്തേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അവസാന തിയതി 2026 ജൂൺ 20 വരെയാണ്. ഫോൺ 0494-2686214.

6. റബ്ബർകൃഷിക്കുപയോഗിക്കുന്ന വിവിധതരം നടീൽവസ്തുക്കൾ, അവയുടെ തെരഞ്ഞെടുപ്പ്, റബ്ബർതൈകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് 2026 ജൂൺ 05 (വെള്ളിയാഴ്ച) രാവിലെ 10 മണി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

7. **'കാർഷിക വിളകളിലെ പ്രജനനരീതികൾ - ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലെയറിങ്ങ്"** എന്ന വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **2026 ജൂൺ 23, 24** തീയതികളിലായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറിൽ 22.06.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹1,100/- രൂപ.

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"കൂൺ കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ 27** ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. ജൂലൈ 7

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ** 27 മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487-2438566.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം